ചേർത്തല നിയോജകമണ്ഡലത്തിൽ ചേർത്തല തെക്ക് പഞ്ചായത്തിലെ ആയിരംതൈയ്യ് വടക്ക് തൈക്കലിൽ നബാർഡിന്റെ ധനസഹായത്തോടെ 6 പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 4.56 കോടി രൂപയും ഇവിടെത്തന്നെ 3 പുലിമുട്ടുകളും 20 മീറ്റർ നീളത്തിൽ കടൽഭിത്തിയും നിർമ്മിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ 1.89 കോടി രൂപയും ചെലവ് വരും. ഇവയുടെ പ്രവൃത്തി പുരോഗമിക്കുന്നു.

(ജി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 16 പുലിമുട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് 9.11 കോടി രൂപ ചെലവായിട്ടുണ്ട്. ഈ നിയോജകമണ്ഡലത്തിലെ ഐ.ഐ.റ്റി. പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച സ്ഥലത്തെ 26 പുലിമുട്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ആയതുപോലെ ഐ.ഐ.റ്റി. വിദഗ്ധ സംഘം സന്ദർശനം നടത്തിയ മറ്റ് സ്ഥലങ്ങളിലെ പഠന റിപ്പോർട്ട് ലഭ്യമായാൽ ഉടൻ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്. ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ.യുടെ ഇടപെടലിനെതുടർന്ന് അമ്പലപ്പുഴ, ചേർത്തല നിയോജക മണ്ഡലങ്ങളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. എന്നാൽ ഇതുവരെയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. താല്ക്കാലിക കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പഴയങ്ങാടി മുതൽ കാക്കാഴം വരെയും ചേർത്തല നിയോജകമണ്ഡലത്തിലെ ചേന്നവേലി, ആയിരംതൈ എന്നിവിടങ്ങളിലും താല്ക്കാലിക കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വട്ടച്ചാൽ മുതൽ ചാപ്പക്കടവ് വരെ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് 2012-ൽ 435 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഇപ്പോഴത്തെ നിരക്കുപ്രകാരം 566 കോടി രൂപ ചെലവ് വരുന്നതാണ്. ഈ പ്രവൃത്തിക്കും ഐ.ഐ.റ്റി.യുടെ പഠനം ആവശ്യമാണ്.

നാട്ടിക മണ്ഡലത്തിലെ മുനയം റഗുലേറ്റർ കം-ബ്രിഡ്ജ്

186 (851) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ചു കഴിഞ്ഞ മുനയം റഗുലേറ്റർ-കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടോ എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് അനിശ്ചിതമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുനയം റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് സർക്കാർ ഉത്തരവ് (ആർറ്റി.)നമ്പർ 1066/2013/ജ.വി.വ. തീയതി 1-10-2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററായാണ് കണക്കാക്കിയിരുന്നത്. ഭരണാനുമതി തുകയിൽ നിന്നുകൊണ്ട് പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിപൂർത്തീകരണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(ബി&സി) ഇല്ല. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

പുഴകളിലെ താൽക്കാലിക തടയണകൾ

187 (852) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴകളിൽ താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ താൽക്കാലിക തടയണകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും ചെലവ് എത്ര വീതമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കാനാണ് താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിലെ ആവശ്യകതയനുസരിച്ച് തടയണകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly